**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3322** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കാനുള്ള എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | റേഷൻ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി അതാത് റേഷൻ കടകളിൽ പോസ്റ്റർ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുവിതരണ വകുപ്പിന്റെ പോർട്ടലിലും ലഭ്യമാണ്. പഞ്ചായത്ത് ഓഫീസുകളിലും വില്ലേജോഫീസുകളിലും ടി പോസ്റ്റർ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മുൻഗണന വിഭാഗത്തിലുള്ള അനർഹരെ ഒഴിവാക്കുമ്പോൾ സംസ്ഥാനം സബ്സിഡി നൽകി വരുന്ന നീല കാർഡുകാരെ ആനുപാതികമായി ഉൾപ്പെടുത്തുവാൻ കഴിയുമോ; | (ബി) | ഉൾപ്പെടുത്തുവാൻ കഴിയും. |
| (സി) | ബി.പി.എൽ. കാർഡിന് അർഹതയുള്ള എ.പി.എൽ. കാർഡുടമകളുടെ അപേക്ഷകളിൽ പരിശോധനകൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ഡി) | അനർഹരായ കാർഡുടമകൾക്ക് സ്വയം | (ഡി) | ദീർഘിപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഒഴിവാകാനുള്ള കാലാവധി 2021 ജൂലൈ 15 എന്നത് നീട്ടുന്നതിന് തീരുമാനം ഉണ്ടോ? | | |

സെക്ഷൻ ഓഫീസർ